പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 814 30.06.2011- ൽ മറുപടിക്ക്

**കാലവർഷക്കെടുതിയിൽ ഇടുക്കി, പൂഞ്ഞാർ, ഇരിഞ്ഞാലക്കുട മണ്ഡലങ്ങളിലുണ്ടായ നാശനഷ്ടങ്ങൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി.ജോർജ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് കാലവർഷം ശക്തിപ്പെട്ടതിനെ തുടർന്നുണ്ടായ നാശനഷ്ടങ്ങൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇതുവരെ ലഭ്യമായ കണക്കനുസരിച്ച് നാശനഷ്ടങ്ങളുടെ വ്യാപ്തി എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് കാലവർഷം ശക്തിപ്പെട്ടതിനെ തുടർന്നുണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കി വരികയാണ്. ഇതുവരെ ലഭ്യമായ കണക്കനുസരിച്ച് സംസ്ഥാനത്ത് 8463.30 ലക്ഷം രൂപയുടെ നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | കാലവർഷം ശക്തിപ്പെട്ടപ്പോൾ കൂടുതൽ നാശനഷ്ടങ്ങൾ രേഖപ്പെടുത്തിയ ജില്ലകൾ ഏതെല്ലാമാണെന്നറിയിക്കാമോ; | (ബി) | ലഭ്യമായ കണക്കുകൾ പ്രകാരം കാലവർഷക്കെടുതിയിൽ കൂടുതൽ നാശനഷ്ടങ്ങൾ രേഖപ്പെടുത്തിയ ജില്ലകൾ ആലപ്പുഴ, വയനാട്, പാലക്കാട് എന്നിവയാണ്. |
| (സി) | മഴക്കെടുതിയിൽ എത്ര വീടുകൾ പൂർണ്ണമായും ഭാഗികമായും തകർന്നു; വിശദാംശങ്ങൾ നൽകുമോ; | (സി) | 25.06.2011 ലെ ലഭ്യമായ കണക്കുകൾ പ്രകാരം കാലവർഷാരംഭത്തിനു ശേഷം 217 വീടുകൾ പൂർണ്ണമായും 4002 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) | കാലവർഷക്കെടുതിയിൽ ഇതുവരെ ഇടുക്കി, പൂഞ്ഞാർ, ഇരിഞ്ഞാലക്കുട നിയോജകമണ്ഡലങ്ങളിൽ ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് ലഭ്യമാക്കുമോ? | (ഡി) | നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള പൂർണ്ണമായ വിവരങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ. ലഭ്യമായ വിവരങ്ങൾ പ്രകാരം കാലവർഷക്കെടുതിയിൽ 25.06.2011 വരെ ഇടുക്കി മണ്ഡലത്തിൽ 86.82 ലക്ഷം രൂപയുടെയും, പൂഞ്ഞാർ മണ്ഡലത്തിൽ 5,87,750/- രൂപയുടെയും ഇരിഞ്ഞാലക്കുട മണ്ഡലത്തിൽ 55.05 ലക്ഷം രൂപയുടെയും നാശനഷ്ടം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ജില്ല | പൂർണ്ണമായി തകർന്ന വീടുകൾ | ഭാഗികമായി തകർന്ന വീടുകൾ |
|---|---|---|
| തിരുവനന്തപുരം | 9 | 413 |
| കൊല്ലം | 10 | 121 |
| പത്തനംതിട്ട | 2 | 107 |
| ആലപ്പുഴ | 21 | 1056 |
| കോട്ടയം | 16 | 265 |
| ഇടുക്കി | 10 | 183 |
| എറണാകുളം | 10 | 313 |
| തൃശ്ശൂർ | 37 | 337 |
| പാലക്കാട് | 14 | 136 |
| മലപ്പുറം | 28 | 435 |
| കോഴിക്കോട് | 17 | 138 |
| വയനാട് | 4 | 59 |
| കണ്ണൂർ | 23 | 231 |
| കാസർഗോഡ് | 16 | 208 |
| **ആകെ** | **217** | **4002** |

സെക്ഷൻ ഓഫീസർ